നം. സി.ഇ.ഇ/1515/2011/കെഇഎം-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം– 2012
## അലോട്ടുമെന്റ് റദ്ദാക്കൽ

KEAM-2012 മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഇതിനകം ലഭിച്ച അലോട്ടുമെന്റ് റദ്ദ് ചെയ്ത് അലോട്ടുമെന്റ് പ്രക്രിയയിൽ നിന്നും പുറത്തുപോകാൻ ആഗ്രഹിക്കുന്നവർക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ തങ്ങളുടെ അലോട്ടുമെന്റ് റദ്ദാക്കുന്നതിനുള്ള അപേക്ഷ **27.07.2012 മുതൽ 31.07.2012** വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതിനായി **"KEAM-2012 Allotment Cancellation"** എന്ന ലിങ്ക് വഴി ഹോം പേജിൽ പ്രവേശിച്ച ശേഷം അലോട്ടുമെന്റ് റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്.

ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തശേഷം വിദ്യാർത്ഥിയും രക്ഷകർത്താവും അതിൽ ഒപ്പിടേണ്ടതും ഗസറ്റഡ് ഓഫീസറെ കൊണ്ട് സാക്ഷ്യപ്പെടുത്തിയശേഷം **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം–695001.** എന്ന വിലാസത്തിൽ **31.07.2012 വൈകുന്നേരം 5 മണിക്കു മുമ്പ്** രജിസ്റ്റേർഡ് തപാൽ മുഖേനയോ നേരിട്ടോ ലഭ്യമാക്കേണ്ടതുമാണ്.

അപേക്ഷയുടെ പ്രിന്റൗട്ട് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഓഫീസിൽ ലഭിച്ചാൽ മാത്രമേ അലോട്ടുമെന്റ് റദ്ദാക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കപ്പെടുകയുള്ളു. ഫാക്സ്/ഇ–മെയിൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**പ്രത്യേക ശ്രദ്ധയ്ക്ക്:– അലോട്ടുമെന്റ് റദ്ദാക്കാൻ അപേക്ഷിക്കുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും അതോടൊപ്പം എല്ലാ ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്. നഷ്ടപ്പെട്ട അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും യാതൊരു കാരണവശാലും പിന്നീട് തിരികെ ലഭിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിലും സിറ്റിസൺ കാൾസെന്ററിന്റെ **155300, 0471-2115054, 2115098, 2335523** എന്നീ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

26.07.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**